"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - വയനാട് ജില്ലയിലെ ഉരുൾപ്പൊട്ടലിനെ തുടർന്ന് മാതാപിതാക്കളിൽ ഒരാൾ/ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം അനുവദിച്ചതിൽ ജിബിൻ ജി. എന്ന കുട്ടിയുടെ പേരിൽ വന്ന വ്യത്യാസം തിരുത്തൽ വരുത്തിയ വനിത ശിശു വികസന ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.28/2026/WCDD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-
1. 23.07.2025 ലെ സ.ഉ(സാധാ)നം.348/2025/WCDD
2. വനിത ശിശു വികസന ഡയറക്ടറുടെ 29.07.2025 ലെ DWCD/4899/2024-ICPS 1 നമ്പർ ഉത്തരവ്
3. വനിത ശിശു വികസന ഡയറക്ടറുടെ 2.08.2025 ലെ DWCD/4899/2024-ICPS 1 നമ്പർ ഉത്തരവ്
4. വനിത ശിശു വികസന ഡയറക്ടറുടെ 11.12.2025 ലെ DWCD/4899/2024-ICPS 1 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ ഉരുൾപ്പൊട്ടലിനെ തുടർന്ന് അനാഥരായതും മാതാപിതാക്കളിൽ ഒരാൾ/ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട 5 കുട്ടികൾക്കുള്ള ഒറ്റത്തവണ ധനസഹായം 'സ്നേഹപൂർവ്വം' പദ്ധതി ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 'സ്നേഹപൂർവ്വം' പദ്ധതി ശീർഷകത്തിൽ നിന്ന് തുക അനുവദിച്ചും ആയത് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറെ ചുമതലപ്പെടുത്തിയും പരാമർശം (2) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ചിരുന്നു. ധനസഹായത്തിന് അർഹനായ ഷിബിൻ ജി. എന്ന കുട്ടിയുടെ യഥാർത്ഥ പേര് ജിബിൻ ജി. ആണെന്ന് വയനാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ അറിയിച്ചതിനെ തുടർന്ന്, കാലതാമസം കൂടാതെ ധനസഹായം അനുവദിക്കുന്നതിനായി കുട്ടിയുടെ പേരിൽ അപ്രകാരം തിരുത്തൽ വരുത്തി പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ നടപടിക്രമം പുറപ്പെടുവിക്കുകയും, പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്ന്

പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ ഉരുൾപ്പൊട്ടലിനെ തുടർന്ന് ഇരുമാതാപിതാക്കളും നഷ്ടപ്പെട്ട ജിബിൻ ജി. ക്ക് ധനസഹായം കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനായി കുട്ടിയുടെ പേരിൽ വന്ന വ്യത്യാസം തിരുത്തൽ വരുത്തി പരാമർശം (3) പ്രകാരം നടപടിക്രമം പുറപ്പെടുവിച്ച ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ